LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.സി നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഇനത്തിൽ 25 പീക്കോ ജലവൈദ്യുത പദ്ധതികളും (30kW മൊത്തം സ്ഥാപിത ശേഷിയുള്ളവ) നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഒരു 20kW സ്ഥാപിതശേഷിയുള്ള വോർട്ടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയും (കാടുവെട്ടി) നിർമ്മിച്ച് ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം

166(436) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിൽ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ 3185.64 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്.

(ബി) കേരളത്തിന് പുറത്തുനിന്ന് ഏതൊക്കെ സ്രോതസ്സുകളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാന സർക്കാർ ഏതുനിരക്കിൽ ലഭ്യമാക്കുന്നുവെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് പുറത്ത് കേന്ദ്രപൂളിൽനിന്ന് (1741 MW) വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര താപ വൈദ്യുതി ഉല്പാദകരിൽനിന്ന് (1215 MW) വൈദ്യുതിയും ദീർഘകാല കരാറടിസ്ഥാനത്തിൽ വാങ്ങുന്നുണ്ട്. ഇവയുടെ വിശദാംശങ്ങളും വൈദ്യുതി വാങ്ങൽ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവയ്ക്കുപുറമേ വൈദ്യുതിയുടെ അപ്രതീക്ഷിത ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേനയും ഹ്രസ്വകാല കരാർ മുഖേനയും ബാങ്കിംഗ് സംവിധാനത്തിലൂടെയും സംസ്ഥാനം പുറമേനിന്ന് വൈദ്യുതി വാങ്ങിവരുന്നു.

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ

167(437) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടായിരുന്നുയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.